പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1101 **15-10-2026-ൽ മറുപടിയ്ക്ക്**

തിരുവനന്തപുരം എം. സി. റോഡ് വികസനം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. ജി. ആർ. അനിൽ ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

(എ) തിരുവനന്തപുരം എം.സി. റോഡിലെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനായി മണ്ണന്തല മുതൽ തൈക്കാട് വരെയുള്ള റോഡ് വീതികൂട്ടി നവീകരിക്കുന്നതിന് മുൻ സർക്കാരിന്റെ കാലത്ത് ആദ്യഘട്ടമായി 1500 കോടി രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ടോ; എങ്കിൽ, പ്രസ്തുത ഉത്തരവിന്റെ നമ്പറും തീയതിയും പകർപ്പും ലഭ്യമാക്കാമോ;

മറുപടി: തിരുവനന്തപുരം MC റോഡ് (കേശവദാസപുരം മുതൽ അങ്കമാലി വരെയും 240.6 km) കൊല്ലം ചെങ്കോട്ട നാലുവരിപ്പാത വികസനത്തിനായും 05.11.2022-ലെ G.O(Rt) No. 1069/2022/PWD പ്രകാരം 1500 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പൊതുമരാമത്ത് ഡിസൈൻ വിഭാഗം ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും സമർപ്പിച്ച പ്രീ-ഫീസിബിലിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബഹു.മുൻ മുഖ്യമന്ത്രിയുടെ ചീഫ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ സാന്നിധ്യത്തിൽ 14/06/2023-ൽ നടന്ന മീറ്റിംഗിൽ MC റോഡിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവർത്തികൾ ആരംഭിക്കുന്നതിനായി പ്രാരംഭഘട്ടത്തിൽ ടി പ്രവർത്തിയെ നാല് ഘട്ടങ്ങളായി തിരിക്കുന്നതിന് തീരുമാനിച്ചിരുന്നു. ആവ ചുവടെ ചേർക്കുന്നു.

- സ്ട്രെച്ച് 1 മണ്ണന്തല മുതൽ തൈക്കാട് വരെ തിരുവനന്തപുരം ജില്ല
- സ്ട്രെച്ച് 2 തൈക്കാട് മുതൽ വാഴോട് വരെ തിരുവനന്തപുരം ജില്ല
- സ്ട്രെച്ച് 3 വാഴോട് മുതൽ ഏനാത്ത് വരെ കൊല്ലം ജില്ല
- സ്ട്രെച്ച് 4 ഏനാത്ത് മുതൽ ചങ്ങനാശ്ശേരി വരെ പത്തനംതിട്ട ജില്ല

സ്ട്രെച്ച് 1 ന്റെയും സ്ട്രെച്ച് 2 ന്റെയും feasibility പരിശോധിക്കുന്നതിനായി ഡ്രാഫ്റ്റ് അലൈൻമെന്റ് ലഭ്യമായിട്ടുള്ളതും ആയത് തിരുവനന്തപുരം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ വിശദമായ സ്ഥല പരിശോധനയുടെ അടിസ്ഥാനത്തിൽ ലഭിച്ച ശുപാർശ ഉൾപ്പടെ ഡിസൈൻ വിഭാഗത്തിന് നൽകിയിട്ടുണ്ട്. ടി പ്രവൃത്തികളുടെ തുടർനടപടികൾ പൊതുമരാമത്ത് ഡിസൈൻ വിഭാഗത്തിൽ നടന്നുവരികയാണ്.

(ബി) പ്രസ്തുത റോഡ് വികസനത്തിനായുള്ള അലൈൻമെന്റ് നിർണ്ണയം പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ അലൈൻമെന്റ് നിർണ്ണയം വൈകുന്നതിനുള്ള കാരണം എന്താണെന്നും ആയത് എന്ന് പൂർത്തിയാക്കാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ;

<u>മറുപടി:</u> തിരുവനന്തപുരം MC റോഡ് (കേശവദാസപുരം മുതൽ അങ്കമാലി വരെയും 240.6 km) കൊല്ലം ചെങ്കോട്ട നാലുവരിപ്പാത വികസനത്തിനായും 05.11.2022-ലെ G.O(Rt) No. 1069/2022/PWD പ്രകാരം 1500 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പൊതുമരാമത്ത് ഡിസൈൻ വിഭാഗം ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും സമർപ്പിച്ച പ്രീ-ഫീസിബിലിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബഹു.മുൻ മുഖ്യമന്ത്രിയുടെ ചീഫ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ സാന്നിധ്യത്തിൽ 14/06/2023-ൽ നടന്ന മീറ്റിംഗിൽ MC റോഡിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവർത്തികൾ ആരംഭിക്കുന്നതിനായി പ്രാരംഭഘട്ടത്തിൽ ടി പ്രവർത്തിയെ നാല് ഘട്ടങ്ങളായി തിരിക്കുന്നതിന് തീരുമാനിച്ചിരുന്നു. ആവ ചുവടെ ചേർക്കുന്നു.

- സ്ട്രെച്ച് 1 മണ്ണന്തല മുതൽ തൈക്കാട് വരെ തിരുവനന്തപുരം ജില്ല
- സ്ട്രെച്ച് 2 തൈക്കാട് മുതൽ വാഴോട് വരെ തിരുവനന്തപുരം ജില്ല
- സ്ട്രെച്ച് 3 വാഴോട് മുതൽ ഏനാത്ത് വരെ കൊല്ലം ജില്ല
- സ്ട്രെച്ച് 4 ഏനാത്ത് മുതൽ ചങ്ങനാശ്ശേരി വരെ പത്തനംതിട്ട ജില്ല

സ്ട്രെച്ച് 1 ന്റെയും സ്ട്രെച്ച് 2 ന്റെയും feasibility പരിശോധിക്കുന്നതിനായി ഡ്രാഫ്റ്റ് അലൈൻമെന്റ് ലഭ്യമായിട്ടുള്ളതും ആയത് തിരുവനന്തപുരം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ വിശദമായ സ്ഥല പരിശോധനയുടെ അടിസ്ഥാനത്തിൽ ലഭിച്ച ശുപാർശ ഉൾപ്പടെ ഡിസൈൻ വിഭാഗത്തിന് നൽകിയിട്ടുണ്ട്. ടി പ്രവൃത്തികളുടെ തുടർനടപടികൾ പൊതുമരാമത്ത് ഡിസൈൻ വിഭാഗത്തിൽ നടന്നുവരികയാണ്.

(സി) പ്രസ്തുത പദ്ധതിക്കായുള്ള സ്ഥലമേറ്റെടുപ്പ് നടപടികൾ എന്ന് ആരംഭിക്കാൻ സാധിക്കുമെന്നാണ് കരുതുന്നതെന്നും ഇതിനായി റവന്യൂ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ;

<u>മറുപടി:</u> എം.സി റോഡിന്റെ വികസന പ്രവർത്തനത്തിന്റെ ഭാഗമായി മണ്ണന്തല മുതൽ ചെങ്ങന്നൂർ (മുളക്കുഴ) വരെ **4 stretches** ആയി **(stretch 1 –**മണ്ണന്തല മുതൽ തൈക്കാട് വരെ**, stretch 2–** തൈക്കാട് മുതൽ വാഴോട് വരെ**, stretch 3–** വാഴോട് മുതൽ ഏനാത്ത് വരെ**, stretch 4–**ഏനാത്ത് മുതൽ ചെങ്ങന്നൂർ വരെ) വിഭാവനം ചെയ്ത് ഡി.പി.ആർ പി.ഡബ്ല്യൂ.ഡി ഡിസൈൻ വിഭാഗത്തിൽ തയ്യാറാക്കി വരുന്നു. ഇതിൽ ആദ്യത്തെ **3 stretches** ന്റെ അലൈൻമെന്റ് ഡിസൈൻ വിഭാഗത്തിൽ നിന്ന് തയ്യാറാക്കി സാധ്യതാ പരിശോധനയ്ക്കായി കെ.ആർ.എഫ്.ബി – പി.എം.യു വിന് സമർപ്പിച്ചിട്ടുണ്ട്. ആയതിൽ ഒന്നാമത്തെ **Stretch** ആയ മണ്ണന്തല –തൈക്കോടിന്റെയും, രണ്ടാമത്തെ **Stretch** ആയ തൈക്കോട് – വാഴോടിന്റെയും അലൈൻമെന്റിൽ കെ.ആർ.എഫ്.ബി–പി.എം.യു വിൽ നിന്ന് **03.08.2026–**ൽ നിർദ്ദേശിച്ച മാറ്റങ്ങൾ ഉൾക്കൊള്ളിച്ച് അന്തിമ അംഗീകാരത്തിനായി കെ.ആർ.എഫ്.ബി–പി.എം.യു വിന് ഉടൻ തന്നെ സമർപ്പിക്കുന്നതാണ്. ഈ അലൈൻമെന്റുകൾക്ക് അന്തിമ അംഗീകാരം കെ.ആർ.എഫ്.ബി– പി.എം.യുവിൽ നിന്ന് ലഭിക്കുന്ന മുറയ്ക്ക് ഡിസൈൻ വിംഗിൽ നിന്നും ഡി.പി.ആർ തയ്യാറാക്കി സമർപ്പിക്കുന്നതാണ്. മേൽ ഡിപി.ആർ–ന് മേൽ തുടർ നടപടികൾ നിർവ്വഹണ വിഭാഗമായ കെ.ആർ.എഫ്.ബി–പി.എം.യു വിൽ നിന്നും കൈക്കൊള്ളുന്നതാണ്. **Stretch 1** ആയ മണ്ണന്തല മുതൽ തൈക്കോട് വരെയുള്ള ഭാഗത്ത് ഇൻവെസ്റ്റിഗേഷൻ പ്രവർത്തിക്ക് മാത്രം ഇതുവരെ **Rs. 27,93,591/–** രൂപ ചെലവഴിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത പ്രവൃത്തിയുടെ നാളിതുവരെയുള്ള ഭൗതികവും സാമ്പത്തികവുമായ പുരോഗതി എന്താണെന്ന് വിശദമാക്കാമോ;

<u>**മറുപടി:**</u> എം.സി റോഡിന്റെ വികസന പ്രവർത്തനത്തിന്റെ ഭാഗമായി മണ്ണന്തല മുതൽ ചെങ്ങന്നൂർ (മുളക്കുഴ) വരെ **4 stretches** ആയി (**stretch 1** –മണ്ണന്തല മുതൽ തൈക്കാട് വരെ, **stretch 2**– തൈക്കാട് മുതൽ വാഴോട് വരെ, **stretch 3**– വാഴോട് മുതൽ ഏനാത്ത് വരെ, **stretch 4**–ഏനാത്ത് മുതൽ ചെങ്ങന്നൂർ വരെ) വിഭാവനം ചെയ്ത് ഡി.പി.ആർ പി.ഡബ്യു.ഡി ഡിസൈൻ വിഭാഗത്തിൽ തയ്യാറാക്കി വരുന്നു. ഇതിൽ ആദ്യത്തെ **3 stretches** ന്റെ അലൈൻമെന്റ് ഡിസൈൻ വിഭാഗത്തിൽ നിന്ന് തയ്യാറാക്കി സാധ്യതാ പരിശോധനയ്ക്കായി കെ.ആർ.എഫ്.ബി – പി.എം.യു വിന് സമർപ്പിച്ചിട്ടുണ്ട്. ആയതിൽ ഒന്നാമത്തെ **Stretch** ആയ മണ്ണന്തല –തൈക്കോടിന്റെയും, രണ്ടാമത്തെ **Stretch** ആയ തൈക്കോട് – വാഴോടിന്റെയും അലൈൻമെന്റിൽ കെ.ആർ.എഫ്.ബി–പി.എം.യു വിൽ നിന്ന് **03.08.2026**–ൽ നിർദ്ദേശിച്ച മാറ്റങ്ങൾ ഉൾക്കൊള്ളിച്ച് അന്തിമ അംഗീകാരത്തിനായി കെ.ആർ.എഫ്.ബി–പി.എം.യു വിന് ഉടൻ തന്നെ സമർപ്പിക്കുന്നതാണ്. ഈ അലൈൻമെന്റുകൾക്ക് അന്തിമ അംഗീകാരം കെ.ആർ.എഫ്.ബി– പി.എം.യുവിൽ നിന്ന് ലഭിക്കുന്ന മുറയ്ക്ക് ഡിസൈൻ വിംഗിൽ നിന്നും ഡി.പി.ആർ തയ്യാറാക്കി സമർപ്പിക്കുന്നതാണ്. മേൽ ഡിപി.ആർ–ന് മേൽ തുടർ നടപടികൾ നിർവ്വഹണ വിഭാഗമായ കെ.ആർ.എഫ്.ബി–പി.എം.യു വിൽ നിന്നും കൈക്കൊള്ളുന്നതാണ്. **Stretch 1** ആയ മണ്ണന്തല മുതൽ തൈക്കോട് വരെയുള്ള ഭാഗത്ത് ഇൻവെസ്റ്റിഗേഷൻ പ്രവർത്തിക്ക് മാത്രം ഇതുവരെ **Rs. 27,93,591/–** രൂപ ചെലവഴിച്ചിട്ടുണ്ട്.

(ഇ) പ്രസ്തുത റോഡിന്റെ നിർമ്മാണ പ്രവൃത്തി എന്ന് ആരംഭിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ?

<u>**മറുപടി:**</u> എം.സി റോഡിന്റെ വികസന പ്രവർത്തനത്തിന്റെ ഭാഗമായി മണ്ണന്തല മുതൽ ചെങ്ങന്നൂർ (മുളക്കുഴ) വരെ **4 stretches** ആയി (**stretch 1** –മണ്ണന്തല മുതൽ തൈക്കാട് വരെ, **stretch 2**– തൈക്കാട് മുതൽ വാഴോട് വരെ, **stretch 3**– വാഴോട് മുതൽ ഏനാത്ത് വരെ, **stretch 4**–ഏനാത്ത് മുതൽ ചെങ്ങന്നൂർ വരെ) വിഭാവനം ചെയ്ത് ഡി.പി.ആർ പി.ഡബ്യു.ഡി ഡിസൈൻ വിഭാഗത്തിൽ തയ്യാറാക്കി വരുന്നു. ഇതിൽ ആദ്യത്തെ **3 stretches** ന്റെ അലൈൻമെന്റ് ഡിസൈൻ വിഭാഗത്തിൽ നിന്ന് തയ്യാറാക്കി സാധ്യതാ പരിശോധനയ്ക്കായി കെ.ആർ.എഫ്.ബി – പി.എം.യു വിന് സമർപ്പിച്ചിട്ടുണ്ട്. ആയതിൽ ഒന്നാമത്തെ **Stretch** ആയ മണ്ണന്തല –തൈക്കോടിന്റെയും, രണ്ടാമത്തെ **Stretch** ആയ തൈക്കോട് – വാഴോടിന്റെയും അലൈൻമെന്റിൽ കെ.ആർ.എഫ്.ബി–പി.എം.യു വിൽ നിന്ന് **03.08.2026**–ൽ നിർദ്ദേശിച്ച മാറ്റങ്ങൾ ഉൾക്കൊള്ളിച്ച് അന്തിമ അംഗീകാരത്തിനായി കെ.ആർ.എഫ്.ബി–പി.എം.യു വിന് ഉടൻ തന്നെ സമർപ്പിക്കുന്നതാണ്. ഈ അലൈൻമെന്റുകൾക്ക് അന്തിമ അംഗീകാരം കെ.ആർ.എഫ്.ബി– പി.എം.യുവിൽ നിന്ന് ലഭിക്കുന്ന മുറയ്ക്ക് ഡിസൈൻ വിംഗിൽ നിന്നും ഡി.പി.ആർ തയ്യാറാക്കി സമർപ്പിക്കുന്നതാണ്. മേൽ ഡിപി.ആർ–ന് മേൽ തുടർ നടപടികൾ നിർവ്വഹണ വിഭാഗമായ കെ.ആർ.എഫ്.ബി–പി.എം.യു വിൽ നിന്നും കൈക്കൊള്ളുന്നതാണ്. **Stretch 1** ആയ മണ്ണന്തല മുതൽ തൈക്കോട് വരെയുള്ള ഭാഗത്ത് ഇൻവെസ്റ്റിഗേഷൻ പ്രവർത്തിക്ക് മാത്രം ഇതുവരെ **Rs. 27,93,591/–** രൂപ ചെലവഴിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ